3. സംഘ പ്രവർത്തനത്തിലേർപ്പെടാനുള്ള കഴിവ്.
4. വായനാശീലം.
5. പ്രശ്നാപഗ്രഥനമേഖലയിൽ മികവ്.

ആദിവാസി മേഖലകളിലെ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ്

70 [1602] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പ്രവേശന സമയത്ത് നിർബന്ധമായും ജനന സർട്ടിഫിക്കറ്റ് നൽകണമെന്ന സർക്കാർ ഉത്തരവ് ആദിവാസി മേഖലകളിലെ കുട്ടികളുടെ സ്കൂൾ പ്രവേശനത്തിന് തടസ്സമായിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ആദിവാസി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ വലിയൊരു വിഭാഗത്തിനും ജനന സർട്ടിഫിക്കറ്റ് ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി കണക്കിലെടുത്ത് പ്രസ്തുത സർക്കാർ ഉത്തരവ് ഈ വിഭാഗത്തിന് ബാധകമാക്കാതെ പഴയ രീതിയിൽ രക്ഷിതാക്കളുടെ ഡിക്ലറേഷൻ മതിയാകും എന്ന രീതിയിൽ പുതിയ ഉത്തരവ് ഇറക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 15.6.2005-ലെ ജി.ഒ. (ആർ. ടി.) 3003/05/പൊ. വി.വ. പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവേശനത്തിന് ഈ അദ്ധ്യയന വർഷം (2005-06) ജനന സർട്ടിഫിക്കറ്റ് നിർബന്ധമല്ല.

സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നബാർഡ് ധന സഹായം

71 [1604] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്ക്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സഹായം ഏതെല്ലാം സ്കൂളുകൾക്ക് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly